**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 798** **09-10-2024 - ൽ മറുപടിയ്ക്ക്**

**ലാന്റ് ബാങ്ക് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന ലാന്റ് ബാങ്ക് പദ്ധതിയിലേക്ക് ഏറ്റെടുത്ത വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ പഞ്ചായത്തിലെ 32.10 ആർ ഭൂമി പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | (എ) | എറണാകുളം ജില്ലയിലെ ഭൂരഹിതരായ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ലാന്റ് ബാങ്ക് പദ്ധതി പ്രകാരം ഭൂമി വാങ്ങി നൽകുന്നതിന് എളങ്കുന്നപ്പുഴ പഞ്ചായത്തിൽ ജില്ലാ കളക്ടറുടെ പേരിൽ വാങ്ങിയ 32.10 ആർ ഭൂമി 3 സെന്റ് വീതമുള്ള പ്ലോട്ടുകളായി തിരിച്ച് കോമൺ ഏരിയ, റോഡ് എന്നിവ സ്കെച്ച് ചെയ്ത് ലഭ്യമാക്കുന്നതിന് കൊച്ചി തഹസിൽദാർക്ക് നിർദ്ദേശം നൽകുന്നതിന് ജില്ലാ കളക്ടർ മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഭൂമി രജിസ്ട്രേഷൻ നടത്തി പ്ലോട്ടുകളാക്കി വിതരണം നടത്തുന്നതിന് നേരിടുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത ഭൂമി പുറമ്പോക്കാക്കി 3 സെന്റ് വീതമുള്ള പ്ലോട്ടാക്കി കൊച്ചി തഹസിൽദാരുടെ പക്കൽ നിന്നും ലഭ്യമാകാത്തതിനാലാണ് ഭൂമി വിതരണം ചെയ്യുന്നതിന് കാലതാമസം നേരിടുന്നത്. |
| (സി) | പ്രസ്തുത പദ്ധതിപ്രകാരം ഭൂമി നൽകേണ്ട അർഹരായ പട്ടികവർഗ്ഗ കുടുംബങ്ങളെ തെരഞ്ഞെടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്. എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ ചാപ്പ കടപ്പുറത്ത് താമസിക്കുന്ന 13 കുടുംബങ്ങളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. |
| (ഡി) | പ്രസ്തുത പഞ്ചായത്തിൽ വെള്ളക്കെട്ടിനാൽ ബുദ്ധിമുട്ടുന്ന ചാപ്പകടപ്പുറത്തെ പതിമൂന്ന് കുടുംബങ്ങൾക്ക് പ്രസ്തുത ഭൂമിയിൽ പ്ലോട്ടുകൾ ലഭ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | (ഡി) | ലാന്റ് ബാങ്ക് പദ്ധതി പ്രകാരം ജില്ലാ കളക്ടറുടെ പേരിൽ രജിസ്റ്റർ ചെയ്ത് വാങ്ങിയിട്ടുള്ള വൈപ്പിൻ നിയോജക മണ്ഡലത്തിലെ 32.10 ആർ സ്ഥലം 3 സെന്റ് വീതമുള്ള പ്ലോട്ടുകളാക്കി തിരിച്ച് ലഭ്യമാകുന്ന മുറയ്ക്ക് ചാപ്പാകടപ്പുറത്ത് താമസിക്കുന്ന 13 പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) | പ്രസ്തുത ഭൂമി എന്നത്തേക്ക് അർഹരായ കുടുംബങ്ങൾക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഇ) | 2024 ഒക്ടോബർ മാസത്തിൽ തന്നെ ഭൂമി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ഗുണഭോക്താക്കളുടേയും ജനപ്രതിനിധികളുടേയും യോഗം വിളിച്ചുചേർക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ